(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) വിശദമായ പരിശോധനയ്ക്കുശേഷം അർഹരായവർക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ലേഡി ഡോക്ടറെ നിയമിക്കുന്ന നടപടി

196 (1131) : ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ലേഡി ഡോക്ടറെ നിയമിക്കണമെന്ന ആവശ്യത്തിൻമേലുള്ള നടപടികൾ ഏതു വരെയായി ;

(ബി) എന്നത്തേയ്ക്ക് നിയമിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ഡോ. എ. കെ.. സുഹറയെ 20-2-2001-ലെ 2334/2001 നമ്പർ ഓർഡർ പ്രകാരം താൽക്കാലികമായി വേങ്ങര പി.എച്ച്.സി.യിൽ നിയമിച്ചിട്ടുണ്ട്.

ഗവൺമെന്റ് ആശുപത്രി ഡ്രൈവറെ ഡ്യൂട്ടിക്കു നിയോഗിച്ച നടപടി

197 (1132) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഒക്ടോബർ 20-ാം തീയതി തുടങ്ങിയ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രത്യേക സമ്മേളനത്തിലേയ്ക്കു ഏതെങ്കിലും ഗവൺമെന്റ് ആശുപത്രി ആംബുലൻസ് ലഭ്യമാക്കിയിരുന്നോ ; ഇതിനുവേണ്ടി ഗവൺമെന്റ് ഡ്രൈവറെ ഡ്യൂട്ടിക്കുനിയോഗിച്ചിരുന്നോ ;

(ബി) എങ്കിൽ ആംബുലൻസിന്റെ നമ്പരും ഡ്രൈവറുടെ പേരും വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം ആംബുലൻസും ഡ്രൈവറെയും വിട്ടുകൊടുത്തത് നിയമാനുസൃതമാണോ ;

(ഡി) ഈ സേവനത്തിനു ഗവൺമെന്റിലേയ്ക്കു എന്തുതുക വസൂലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് ഒരു ആംബുലൻസും ഒരു ഡ്രൈവറെയും ടി ആവശ്യത്തിനായി നിയോഗിച്ചിരുന്നു.

(ബി) നം. കെ. എൽ. 01 ക്യൂ 3415 ഡ്രൈവർ കുമാരൻ നായർ.

LIBRARY ARCHIVES Kerala Legislative Assembly